ഒരാൾ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്, വിശേഷിച്ച് കൂർഗ്, മൽക്കാര എന്നിവിടങ്ങളിലുള്ള കേരളീയരായിട്ടുള്ള ആളുകൾ വളരെ കാലമായി കുടിയേറിപ്പാർത്തുവരുന്നവരാണ്. ഇന്ന് വടക്കേ മലബാറിലും കണ്ണൂരിലെ തലശ്ശേരിയിലുമായിട്ട് അവർക്കു വ്യാപാരബന്ധങ്ങളുണ്ട്. വളരെ സൗഹൃദപരമായി കഴിഞ്ഞിരുന്ന ഒരു സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. നിർഭാഗ്യവശാൽ അവിടെ ഇങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടായ അവസരത്തിൽത്തന്നെ ഞാൻ കർണ്ണാടക മുഖ്യമന്ത്രിയെ മാർച്ചുമാസത്തിൽത്തന്നെ ഇക്കാര്യം അറിയിക്കുകയുണ്ടായി. അതുപോലെതന്നെ വേണ്ട നടപടി സ്വീകരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിനെയും വിവരം അറിയിച്ചിട്ടുണ്ട്. കർണ്ണാടകമുഖ്യമന്ത്രി ആവശ്യമായ നടപടികളും സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവർക്ക് ആവശ്യമായ സംരക്ഷണം കിട്ടുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് അടിയന്തിരമായിത്തന്നെ കേന്ദ്രഗവൺമെന്റിന്റേയും കർണ്ണാടക മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) നെൽകൃഷിക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ

ഡോ. കെ.സി.ജോസഫ്: സർ, ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അവശത അനുഭവിക്കുന്ന നെൽക്കൃഷിക്കാർക്ക് ഗവൺമെന്റ് കാലാകാലങ്ങളായി പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കാറുണ്ട്. 10 A.M.] അതിൽ ചിലതെല്ലാം ഇനിയും കൃഷിക്കാരന്റെ കയ്യിൽ എത്തേണ്ടിയിരിക്കുന്നു. പമ്പിംഗ് സബ്സിഡിയിൽ കുറെയധികം തുക കൃഷിക്കാർക്ക് ലഭിക്കാനുണ്ട്. അതുപോലെ തന്നെ വളം സബ്സിഡിയും കുറച്ച് ബാക്കിയുണ്ട്. അത് തുടർന്നും എല്ലാ വർഷവും കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. നെൽക്കൃഷിയിൽ നാശനഷ്ടം സംഭവിക്കുന്നവർക്ക് നൽകുന്ന ആശ്വാസ നടപടികളിൽ പലതും ഇനിയും കൃഷിക്കാർക്ക് എത്തിക്കേണ്ടതായിട്ടുണ്ട്. ഈ കുടിശ്ശികകൾ ഏറ്റവും വേഗം കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനും വളം സബ്സിഡി എല്ലാ വർഷവും തുടർച്ചയായി കാലാകാലങ്ങളിൽ കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നെൽക്കൃഷിക്കാർക്ക് വളം സബ്സിഡി, പമ്പിംഗ് സബ്സിഡി, പ്രകൃതിക്ഷോഭംമൂലം വിള നശിച്ചവർക്ക് നഷ്ടം ഈ 3 ഇനങ്ങളിലായി സഹായങ്ങൾ നൽകുന്നുണ്ട്. അതിൽ വളം സബ്സിഡിക്ക് ഓരോ വർഷവും ഗവൺമെന്റ് പ്രത്യേകമായി തീരുമാനം എടുത്ത് പരിപാടി നടപ്പാക്കുന്നുണ്ട്. വളം സബ്സിഡിക്കുവേണ്ടി ഇപ്പോൾ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല. ഏകദേശം 66 ലക്ഷം രൂപ ഒരു വർഷം കൊടുക്കേണ്ടിവരും. കഴിഞ്ഞ വർഷത്തെ കുടിശ്ശികയായ 7.6 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്. ഈ കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കി കൊടുത്തുതീർക്കേണ്ട തുകയെപ്പറ്റി പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചതിനുശേഷം അടിയന്തിരമായി സബ്സിഡി കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പമ്പിംഗ് സബ്സിഡിക്കുവേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളത് 165 ലക്ഷം രൂപയാണ്. ഒരു വർഷം ഏകദേശം 218 ലക്ഷം രൂപ പമ്പിംഗ് സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

യായി കൊടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെ കുടിശ്ശികയായ 143.5 ലക്ഷം രൂപ കൊടുക്കാനുണ്ട്. ഈ കുടിശ്ശിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 165 ലക്ഷം രൂപയിൽനിന്നും ഉടനെ കൊടുക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. ബാക്കി ഈ വർഷം വേണ്ടിവരുന്ന തുക തക്ക സമയത്ത് അനുവദിക്കുന്നതാണ്. പ്രകൃതിക്ഷോഭം മൂലം വിള നശിച്ചവർക്കുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പെൻറിംഗ് ക്ലെയിംസിനെക്കുറിച്ചുള്ള പൂർണ്ണവിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അത് ശേഖരിച്ചുകഴിഞ്ഞതിനു ശേഷം ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

(5) നൂറനാട് ലെപ്രസി സാനിട്ടോറിയത്തിലെ ശുദ്ധജല വിതരണം

ശ്രീ. വി.കേശവൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഏതാണ്ട് 1200—ഓളം വരുന്ന കുഷ്ഠം രോഗികളും പാർക്കുന്ന നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഒരു തുള്ളിവെള്ളം പോലും കുടിക്കാൻ കിട്ടാതെ കഴിഞ്ഞ മൂന്നു നാലു മാസമായി ആളുകളും കഷ്ടപ്പെടുകയാണ്. അവിടെ കഴിഞ്ഞ വർഷം സ്ഥാപിച്ച കുഴൽ കിണർ ആകെ തകർന്നു പ്രവർത്തനരഹിതമായി കിടക്കുന്നു. കഴിഞ്ഞ നാലു മാസമായി തുടർച്ചയായി അവർക്ക് ലോറിയിൽ അൽപം വെള്ളംകൊണ്ടു കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്നാൽ അതും ഇപ്പോൾ നിറുത്തിയിരിക്കുന്നു. അങ്ങനെ അവർ കുടിനീരുകിട്ടാതെ അങ്ങേയറ്റം കഷ്ടപ്പെടുകയാണ്. ഇതിൽ പ്രതിഷേധിച്ച് അവിടെ നാളെ സത്യാഗ്രഹം തുടങ്ങാൻ പോകുന്നുവെന്ന് അധികൃതരെ ടെലഗ്രാം മുഖേന അറിയിച്ചിട്ടുണ്ട്. ഇത് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അടിയന്തിരമായി അവർക്ക് വെള്ളം കൊടുക്കാനും അവിടെ ശാശ്വതമായി ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അവിടെ 1984 ജൂണിൽ ഒരു കുഴൽ കിണർ കുഴിച്ച് വെള്ളം കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു. എന്നാൽ അടുത്തകാലത്തായി ആ കുഴൽക്കിണറിൽനിന്നും ആവശ്യമായ വെള്ളം കിട്ടുന്നില്ലായെന്ന് മനസ്സിലായി. കൂടുതൽ വെള്ളം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ 66,000 രൂപ സാങ്ഷൻ ചെയ്തിട്ടുണ്ട്. ഇന്നലെ തന്നെ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറെ വിളിച്ച് ഏതെങ്കിലും വിധത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ പറഞ്ഞിട്ടുണ്ട്. കൊല്ലം കളക്ടർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവർക്ക് കുടിവെള്ളം വലിയ ഒരു പ്രശ്നമാണ്. അതിന് ഗവൺമെൻറ് വളരെയധികം മുൻഗണന കൊടുത്തുകൊണ്ട് നടപടി സ്വീകരിക്കുന്നതാണ്.

(6) കിളിമാനൂർ സഹകരണ ഭൂപണയ ബാങ്കിൽ നിന്നും കർഷകർക്കു നൽകിയ വായ്പയിൻമേലുള്ള ജപ്തി നടപടി

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, കിളിമാനൂർ ഭൂപണയ ബാങ്കിൽനിന്നും 2400 കൃഷിക്കാരുടെ മേൽ അവർ എടുത്ത കടം തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ ജപ്തി നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly